# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*176 — 03/10/2016 -ൽ മറുപടിക്ക്

## എൻ.ആർ.എച്ച്.എം. ധനസഹായം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ബി.സത്യൻ<br>ശ്രീ.പി.കെ. ശശി<br>ശ്രീ.എം. മുകേഷ്<br>ശ്രീ.മുരളി പെരുനെല്ലി | | ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| (എ) | കേന്ദ്രസർക്കാർ എൻ.ആർ.എച്ച്.എം. ധനസഹായം വെട്ടിച്ചുരുക്കിയത് മൂലം സംസ്ഥാനത്തെ ആരോഗ്യമേഖലയിൽ ഉണ്ടായിട്ടുള്ള പ്രതിസന്ധി കേന്ദ്ര സർക്കാരിനെ ബോധ്യപ്പെടുത്തിയി-ട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | എ) | ദേശീയ ആരോഗ്യ ദൗത്യം ആരംഭിച്ചത് 2005 - 06 വർഷത്തിലാണ്. അന്നു മുതൽ 2011-12 സാമ്പത്തിക വർഷം വരെ കേന്ദ്ര സംസ്ഥാന വിഹിത അനുപാതം 85:15 ആയിരുന്നു. 2012-13 മുതൽ 2014 -15 വരെ ഈ അനുപാതം 75:25 ആക്കുകയും 2015-16 സാമ്പത്തിക വർഷത്തിൽ ഇത് 60:40 ആകുകയും ചെയ്തു.<br><br>2015-16 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാർ ആകെ അനുവദിച്ചു 520 കോടി രൂപയുടെ പദ്ധതികളാണ് എന്നാൽ കേന്ദ്രം സംസ്ഥാനത്തിന് വകയിരുത്തിയത് 511 കോടി രൂപയാണ്. ഈ സാമ്പത്തിക വർഷം കേന്ദ്ര സംസ്ഥാന സർക്കാർ അനുപാതം 75:25-ൽ നിന്ന് 60:40 ആക്കി മാറ്റിയതിനാൽ ആകെ വകയിരുത്തിയതിൽ സംസ്ഥാന വിഹിതം 127.75 കോടി യിൽ നിന്ന് 204.04 കോടിയാകുകയും കേന്ദ്ര വിഹിതം 383.25 കോടിയിൽ നിന്ന് 306.6 കോടി രൂപയാകുകയും ചെയ്തു. ഇത് സംസ്ഥാനത്തിനെ അറിയിച്ചത് 13.11.2015 ലായതിനാൽ ആ വർഷം സംസ്ഥാന ബജറ്റിൽ ഉൾപ്പെടുത്താൻ കഴിഞ്ഞില്ല. തന്മൂലം ആ വർഷം പദ്ധതിയുടെ കേന്ദ്ര വിഹിതത്തിൽ ആകെ 76.65 കോടി രൂപയുടെ കുറവ് വന്നിട്ടുണ്ട്. തന്നാണ്ടിൽ അകെ സംസ്ഥാന വിഹിതം ലഭിച്ചത് 70 കോടി രൂപയാണ്; എന്നാൽ ബാക്കി 60:40 അനുപാതമാക്കിയ വകയിൽ കുടിശ്ശിക ലഭിക്കാനുള്ള മുഴുവൻ സംസ്ഥാന വിഹിതവും 2016-17 സാമ്പത്തിക വർഷത്തിൽ സൊസൈറ്റിക്ക് ലഭിച്ചതിനാൽ ലഭിക്കാനുള്ള തുകയിൽ കുറവ് വന്നിട്ടില്ല. കൂടാതെ പ്രസ്തുത സാമ്പത്തിക വർഷം ദേശീയ ആരോഗ്യ ദൗത്യത്തിന്റെ പ്രവർത്തന മികവിനായി അധികകേന്ദ്ര വിഹിതമായി 12.76 കോടി രൂപ ഇൻസെന്റീവ് ആയി ലഭിക്കുകയുണ്ടായി. |

| | | | |
|---|---|---|---|
| (ബി) | എൻ.ആർ.എച്ച്.എം. മുഖേന കൂടുതൽ സഹായം സംസ്ഥാനത്തിന് ലഭ്യമാക്കുന്നതിനുള്ള ഇടപെടൽ സർക്കാർ നടത്തുമോ; | ബി) | 2016-17 സാമ്പത്തിക വർഷത്തിൽ ആകെ കേന്ദ്ര സർക്കാർ അനുവദിച്ചത് 492.55 കോടി രൂപയുടെ പദ്ധതികളാണ്. ഇത് കൂടാതെ 52.27 കോടി രൂപയുടെ അധിക പദ്ധതികൾക്കും കൂടിയുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാരിനു സമർപ്പിച്ചിട്ടുണ്ട്. ഇത് കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. |
| സി) | ഇതു സംബന്ധിച്ച് നിലവിലെ പദ്ധതികൾ കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിന് നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കാമോ? | സി) | നിലവിലെ പദ്ധതികൾ കര്യക്ഷമമായി നടത്താനുള്ള എല്ലാ നിർദ്ദേശങ്ങളും ജില്ല പ്രോഗ്രാം മാനേജർമാരുടെ പ്രതിമാസ അവലോകന യോഗങ്ങളിൽ നല്കാറുണ്ട്. |

സെക്ഷൻ ഓഫീസർ